# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>മാലിന്യം നൽകിയാൽ പണം കിട്ടുന്ന പദ്ധതി</u>

2916 ശ്രീ. ബെന്നി ബഹനാൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാലിന്യം നല്കിയാൽ പണം ലഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ഏതു നഗരത്തിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**എ. ഡി. ബി. സഹായത്തോടെയുള്ള നഗരവികസനം**

2917 ശ്രീ. കെ. മുരളീധരൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എ. ഡി.ബി സഹായത്തോടെ നഗരവികസന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അതിനായി എത്ര ശതമാനം തുക ചെലവഴിക്കുകയുണ്ടായി;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ശതമാനം തുക ചെലവഴിച്ചു;

(ഡി) തുക ചെലവഴിക്കാനുളള കാലപരിധി എന്നുവരെയാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

### ദേശീയ നഗര വികസന സംവിധാനം

2918 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടണങ്ങളുടെയും നഗരങ്ങളുടെയും വികസനത്തിന് ഭൗമവിവര ശേഖരണ സംവിധാനം വികസിപ്പിക്കുന്നതിന് ദേശീയ നഗര വികസന സംവിധാനം (എൻ.യു.ഐ.എസ്) പദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും 2011-12ൽ എന്ത് തുക സംസ്ഥാനത്തിന് ലഭിച്ചു;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളിലും നഗരങ്ങളിലുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്;

(സി) ഈ പദ്ധതിയിൻ പ്രകാരമുള്ള സ്ഥലവിവരങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഈ ജോലി ആരെയാണ് ചുമതലപ്പെടുത്തിയതെന്നും അറിയിക്കാമോ;

(ഡി) പദ്ധതി പ്രകാരം സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ഏത് ഘട്ടം വരെയെത്തി എന്ന് വ്യക്തമാക്കാമോ;

(ഇ) മേൽപ്പറഞ്ഞ പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കെട്ടിടനികുതി പരിഷ്ക്കരണം-അവ്യക്തത പരിഹരിക്കുന്നതിന് നടപടി**

2919 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
'' വി.ഡി. സതീശൻ
'' എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിടനികുതി കൂട്ടിയതും കെട്ടിടനമ്പർ മാറ്റു ന്നതുമായും ബന്ധപ്പെട്ട് അവ്യക്തത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈകൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സമയബന്ധിതമായ പ്രശ്നപരിഹാരത്തിന് അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**നഗരങ്ങളിലെ ഖരമാലിന്യപ്രശ്നം പരിഹരിക്കാൻ നടപടി**

2920 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മാലിന്യമുക്ത കേരളം' എന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ബി) കേരളത്തിൽ ഏതെങ്കിലും പ്രദേശമോ പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ/കോർപ്പറേഷനോ മാലിന്യമുക്തമായി പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) മഴക്കാലം ശക്തിപ്രാപിക്കുന്നതിനുമുൻപ് നഗരങ്ങളിലെ ഖരമാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതി സർക്കാരിന്റെ മുന്നിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഇ- വേയ്സ്റ്റ് നിർമ്മാർജ്ജനം**

**2921 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഇലക്ട്രോണിക് അവശിഷ്ടങ്ങൾ അടിഞ്ഞുകൂടുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ- വേയ്സ്റ്റ് നിർമ്മാർജ്ജനത്തിന് പുതിയ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സെക്കന്റ് ഹാന്റ് ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ വിദേശത്തു നിന്നും ഇവിടേയ്ക്ക് വൻതോതിൽ എത്തുന്നത് ഇ- വേയ്സ്റ്റ് കൂടുന്നതിന് കാരണമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി**

2922 ശ്രീ. മോൻസ് ജോസഫ്
,, സി.എഫ്. തോമസ്
,, തോമസ്സ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബയോഗ്യാസ് പ്ലാന്റുകൾക്ക് നഗരങ്ങളിൽ സബ്സിഡി നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്ന് ഈ പദ്ധതി ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**മഴക്കാലത്തിനുമുമ്പ് ഖരമാലിന്യ സംസ്ക്കരണം**

**2923 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും
ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളിലെ ഖരമാലിന്യം നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ എടുത്തിട്ടുളളതെന്ന് വ്യക്തമാക്കാമോ ;

(ബി) മഴക്കാലത്തിനുമുമ്പ് നഗരങ്ങളിലെ ഖരമാലിന്യങ്ങള്‍ സംസ്ക്കരി ക്കുന്നതിന് സത്വര നടപടികള്‍ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>മാലിന്യസംസ്കരണത്തിന് വിവിധ രീതികൾ</u>**

**2924 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ ഏതെല്ലാം തരത്തിലുള്ള മാലിന്യസംസ്കരണ രീതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സംസ്കരണ രീതികളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നഗരങ്ങളിലെ മാലിന്യസംസ്കരണത്തിനായി എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്നും ഇതിനകം എന്തു തുക ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**വിളപ്പിൽശാലയിൽ മാലന്യ സംസ്കരണ ഫാക്ടറി**

**2925 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാലയിൽ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം നഗരസഭയുടെ മാലിന്യ സംസ്കരണ ഫാക്ടറി പ്രവർത്തിപ്പിക്കാൻ നിർദ്ദേശം നൽകിക്കൊണ്ടുള്ള സുപ്രീംകോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത കോടതി ഉത്തരവ് നടപ്പിലാക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയത് സുപ്രീംകോടതി വിധിയുടെ ലംഘനവും കോടതി അലക്ഷ്യവും ആണ് എന്നത് അറിവുള്ളതാണോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>വിളപ്പിൽശാല മാലിന്യ പ്ലാന്റിലെ പ്രശ്നങ്ങൾ പഠിക്കാൻ മന്ത്രിസഭാ ഉപസമിതി</u>**

**2926** ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല മാലിന്യ പ്ലാന്റിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് മൂന്നംഗ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; എന്നാണ് പ്രസ്തുത സമിതിയുടെ ആദ്യ യോഗം ചേർന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സമിതി നാളിതുവരെ എത്ര യോഗങ്ങൾ ചേർന്നു;

(സി) സമിതിയുടെ ശുപാർശകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) വിളപ്പിൽശാല പഞ്ചായത്ത് അധികാരികളിൽ നിന്നും തിരുവനന്തപുരം നഗരസഭാ അധികാരികളിൽ നിന്നും തെളിവെടുപ്പ് നടത്താൻ ഉപസമിതി ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

### നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

2927

**ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ജല - വായു - പരിസ്ഥിതി മലിനീകരണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ നഗരങ്ങളിലും സ്വീവേജ് സിസ്റ്റവും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മാലിന്യ സംസ്ക്കരണത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനും നടത്തിപ്പിനുമായി എല്ലാ പട്ടണങ്ങളിലും ഓരോ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പട്ടണങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ വേണ്ടത്ര മാലിന്യ നിർമ്മാർജ്ജന സൗകര്യമില്ലാതെയും ചാണകവും മറ്റും നിക്ഷേപിക്കാൻ ആധുനിക ടാങ്കുകൾ സ്ഥാപിക്കാതെയും കന്നുകാലികളെ വളർത്തുന്നത് മൂലവുമുണ്ടാകുന്ന മലിനീകരണം കണ്ടെത്തുന്നതിനും അത് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നിയമം പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>മഴക്കാല പൂർവ്വ ശുചീകരണ പരിപാടി</u>**

**2928 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണ പരിപാടി ഈ വർഷം ഏതെല്ലാം കോർപ്പറേഷനുകൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) മഴവെള്ളം ഒഴുകിപോകാനായി നഗര റോഡുകളിലെയും, ഓടകളിലെയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നപണികൾ പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) അതിനായി ഓരോ കോർപ്പറേഷനും എന്തു തുക വീതം ചെലവഴിച്ചു?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം സംബന്ധിച്ച മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട്**

**2929 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 ഡിസംബർ 30-ന് തിരുവനന്തപുരം നഗരത്തിലുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്നുണ്ടായ സ്ഥിതിവിശേഷങ്ങളെ സംബന്ധിച്ച് പഠിക്കാൻ സർക്കാർ മന്ത്രിസഭാ ഉപസമിതിയെ നിയമിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഉപസമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചോ ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഡി) ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ കരമന -കിള്ളിയാറുകളുടെ നവീകരണത്തിന് ഉപസമിതിയുടെ ശുപാർശയിന്മേൽ എന്തു തുക നീക്കിവച്ചിരുന്നു ;

(ഇ) നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**നേമം നിയോജകമണ്ഡലത്തിലുള്ള**
**നഗരസഭാ ഓഫീസുകള്‍**

**2930**

**ശ്രീ. വി. ശിവന്‍കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

നേമം നിയോജകമണ്ഡലത്തില്‍ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം നഗരസഭയുടെ വിവിധ ഓഫീസുകളുടെ ഫോണ്‍ നമ്പര്‍ സഹിതമുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

**2931 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിൽകൂടി തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിന് തുടങ്ങി വെച്ച അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം മരവിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി കഴിഞ്ഞ ബഡ്ജറ്റുകളിൽ എന്തു തുക നീക്കിവെച്ചിരുന്നുവെന്നും, എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) നഗരങ്ങളിലെ ദരിദ്ര കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം നൽകുന്ന പദ്ധതി പുനരുജ്ജീവിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

**2932**

**ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര തുക യാണ് നീക്കിവച്ചിരുന്നത്;

(ബി) പ്രസ്തുത ബഡ്ജറ്റ് വിഹിതത്തിൽ നിന്നും എത്ര തുക യാണ് ചെലവഴിച്ചത്;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എത്ര നഗര ങ്ങളിൽ നടപ്പാക്കി;

(ഡി) മേൽപ്പറഞ്ഞ പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിലുള്ള കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു വർഷം കുറഞ്ഞത് 100 ദിവസത്തെയെങ്കിലും തൊഴിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ എന്ന് വിലയിരു ത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>നഗരസഭകളുടെ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ</u>

2933

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ എല്ലായിടങ്ങളിലും പ്രവർത്തിക്കുന്നുണ്ടോ; ഏതെല്ലാം നഗരസഭകളുടെ കീഴിലുള്ള മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളാണ് നിർത്താലാക്കിയതെന്ന് വ്യക്തമാക്കാമോ; ഇവ നിർത്തലാക്കാനുണ്ടായ കാരണങ്ങൾ എന്തായിരുന്നു എന്നു പറയാമോ;

(ബി) ചേർത്തല നഗരസഭയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന 4 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ നിർത്തലാക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇവ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങളും സ്ഥലവും ഉപയോഗിക്കാതെ കിടന്ന് നാശമാകുന്നതും സാമൂഹ്യവിരുദ്ധർ ദുരുപയോഗം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**മേയർമാരുടെ പി.എ. നിയമനം**

**2934 ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മേയർമാരുടെ പി.എ മാരുടെ നിയമനം സംബന്ധിച്ച് പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേയർമാരുടെ ശുപാർശപ്രകാരമാണോ അതോ സർക്കാർ നേരിട്ടാണോ പ്രസ്തുത ഉദ്യോഗസ്ഥരെ നിയമിക്കുന്നത് ;

(ബി) മേയർമാരുടെ ശുപാർശ പ്രകാരം പി.എ.മാരെ നിയമിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നിലവിൽ വന്ന ഉത്തരവിനെ മറികടക്കാൻ പി.എ. മാരെ അന്യായമായി സ്ഥലം മാറ്റി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മേയർമാർ ശുപാർശ ചെയ്യുന്നവരെ പി.എ.മാരായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>നഗരസഭകളുടെ സാമ്പത്തിക നില</u>

2935 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ
,, കെ.എൻ.എ. ഖാദർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളുടെ സാമ്പത്തിക നിലയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഭൂരിപക്ഷം നഗരസഭകളും വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർവ്വീസിൽ നിന്ന് വിരമിക്കുന്ന നഗരസഭാ ജീവനക്കാർക്ക് യഥാസമയം പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ സാമ്പത്തിക പരിമിതിമൂലം പല നഗരസഭകൾക്കും കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ;

(ഡി) നഗരസഭകളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>മുനിസിപ്പാലിറ്റികൾക്ക് വികസന രൂപരേഖ</u>**

**2936** **ശ്രീ. ഹൈബി ഈഡൻ**
**,, ജോസഫ് വാഴക്കൻ**
**,, സി. പി. മുഹമ്മദ്**
**,, തേറമ്പിൽ രാമകൃഷ്ണൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾക്ക് വികസന രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;**

**(ബി) ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;**

**(സി) എല്ലാ മുനിസിപ്പാലിറ്റികളിലും വികസന രൂപരേഖ അംഗീകരിക്കാൻ ഊർജിത നടപടികൾ എടുക്കുമോ ?**

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>നഗരസഭകളുടെ ഗ്രേഡ് ഉയർത്താൻ നടപടി</u>

**2937** ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതിനായി ഏതെല്ലാം നഗരസഭകളിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പയ്യന്നൂർ നഗരസഭയുടെ ഗ്രേഡ് ഉയർത്തുന്നതിനു വേണ്ടി ലഭിച്ച അപേക്ഷയിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) നഗരസഭകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**അങ്കമാലിയിലെ ഗതാഗതക്കുരുക്ക്**

2938

**ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി മുൻസിപ്പൽ അഡൈ്വസറി കമ്മിറ്റി എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുളളത്;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) ഇത് എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>അങ്കമാലിയിലെ മാലിന്യ പ്രശ്നം</u>

2939 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മുൻസിപ്പാലിറ്റിയിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഹോട്ടലുകളിൽ നിന്ന് മാലിന്യം പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**ചാലക്കുടി മുനിസിപ്പാലിറ്റിയിലെ**
**മാലിന്യ നിക്ഷേപം**

**2940**

**ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റി സ്റ്റേഡിയം നിർമ്മാണത്തിനായി വാങ്ങിയ സ്ഥലത്ത് മാലിന്യങ്ങൾ വൻതോതിൽ നിക്ഷേപിക്കുന്നതു സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കുന്നതിനും, മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>കൊയിലാണ്ടി നഗരസഭയിലെ വികസനപദ്ധതികള്‍</u>

2941 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.യു.ഡി.പി. പദ്ധതിപ്രകാരവും യു.ഡി.ഐ.എസ്.എസ്.എം.റ്റി. പദ്ധതിപ്രകാരവും കൊയിലാണ്ടി നഗരസഭയില്‍ ഇപ്പോള്‍ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികള്‍ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്നും അറിയിക്കുമോ ;

(ബി) നഗരവികസന പദ്ധതിയ്ക്കായി ബജറ്റില്‍ അനുവദിച്ചിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**നീലേശ്വരം മുനിസിപ്പാലിറ്റി - ഓഫീസ് നിർമ്മാണത്തിന് സ്ഥലം**

2942

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നീലേശ്വരം മുനിസിപ്പാലിറ്റിക്ക് നാഷണൽ ഹൈവേയിൽ ഓഫീസ് നിർമ്മാണത്തിനായി കൃഷി വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>ആലപ്പുഴ നഗരസഭ സെക്രട്ടറിയെ നിയമിക്കാൻ നടപടി</u>**

**2943 ശ്രീ. ജി. സുധാകരൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ തസ്തിക എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് അറിയിക്കുമോ;**

(ബി) **എങ്കിൽ അവിടെ അടിയന്തിരമായി നഗരസഭാ സെക്രട്ടറിയെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>കാസർഗോഡ് മുനിസിപ്പൽ പ്രദേശത്തെ കുടിവെള്ളക്ഷാമം</u>**

**2944 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുനിസിപ്പൽ പ്രദേശത്ത് വേനൽ കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് മുനിസിപ്പാലിറ്റി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി.)യിലൂടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി സമർപ്പിക്കുന്നതിന് കാസർഗോഡ് മുനിസിപ്പാലിറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

### പയ്യാമ്പലത്ത് ക്രിമറ്റോറിയം

2945 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഒരു ഇലക്ട്രിക് ക്രിമറ്റോറിയം മാത്രമുള്ള കണ്ണൂർ നിയോജക മണ്ഡലത്തിലെ പയ്യാമ്പലത്ത് മൂന്ന് ഇലക്ട്രിക് ക്രിമറ്റോറിയം കൂടി സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; ഇവിടെ ഗ്യാസ് ഫർണസ് സ്ഥാപിക്കുകയാണെങ്കിൽ ഇന്ധന ചെലവ് ചുരുക്കാം എന്ന വിദഗ്ദ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പ്രദേശത്തെ നാടൻ ക്രിമറ്റോറിയത്തിന്റെ എണ്ണം 4 ആയി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

### മുനിസിപ്പാലിറ്റിയായി ഉയർത്തപ്പെട്ട പഞ്ചായത്തുകൾ

2946 ശ്രീ. എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും
ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയായി ഉയർത്തുകയുണ്ടായി ; വിശദമാക്കുമോ ;

(ബി) അവയുടെ വികസന പ്രവർത്തനങ്ങൾക്കായി എന്തെല്ലാം സഹായങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അവയ്ക്ക് അൺപെയ്ഡ് ഫണ്ട് അധികമായി നൽകുകയുണ്ടായോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>സച്ചാർ കമ്മിറ്റി ശുപാർശകളിൻമേലുള്ള നടപടികൾ</u>**

**2947 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാം ;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>സച്ചാർ സമിതി ശുപാർശകൾ</u>

2948

**ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജസ്റ്റീസ് രാജീന്ദർ സച്ചാർ സമർപ്പിച്ച റിപ്പോർട്ടുകൾ നടപ്പാക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം മുസ്ലീം ജനസംഖ്യകൂടുതലുള്ള പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ മുസ്ലീം വിഭാഗത്തിൽ നിന്നുള്ള ഒരു പൊലീസ് ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന കാര്യത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രത്യേക നിർദ്ദേശങ്ങൾ എന്തെങ്കിലും അടുത്തസമയത്ത് സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) സച്ചാർ സമിതി ശുപാർശകൾ നടപ്പാക്കിയതു സംബന്ധിച്ച് കേന്ദ്ര സർക്കാർ പീരിയോഡിക്കൽ സ്റ്റാറ്റസ് റിപ്പോർട്ട് ആവശ്യപ്പെടാറുണ്ടോ;

(ഇ) അതനുസരിച്ച് സംസ്ഥാന സർക്കാർ പ്രോഗ്രസ് റിപ്പോർട്ടുകൾ അയക്കാറുണ്ടോ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**മൾട്ടി സെക്ടറൽ ഡവലപ്പമെന്റ് സ്കീം**

**2949 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ കേന്ദ്രീകൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡവലപ്പ്മെന്റ് സ്കീം ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷങ്ങൾ ഏറെയുള്ള മറ്റ് ജില്ലകളിലേക്ക് കൂടെ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ജില്ലകൾക്ക് പകരം ബ്ലോക്കുകൾ കേന്ദ്രീകരിച്ച് പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഈ സ്കീമിൽ വരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) ഈ പദ്ധതി പ്രകാരമുള്ള പരിപാടികൾ എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍**

2950 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും
ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തില്‍ നിന്നും ഇപ്പോള്‍ ലഭിക്കുന്ന ധനസഹായങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പദ്ധതികള്‍ക്ക് ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര പദ്ധതികൾ**

2951 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

(ബി) ഇതിനായി ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുള്ള ഓഫീസ് സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(സി) ന്യൂനപക്ഷക്ഷേമ വകുപ്പ് വിദ്യാഭ്യാസത്തിനായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ശാക്തീകരണം**

2952 ശ്രീ. ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ഓഫീസിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഡയറക്ടറേറ്റിനു കീഴിൽ റീജണൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് ആരംഭിച്ചി ട്ടുളളത് ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>ന്യൂനപക്ഷ വിഭാഗങ്ങളും കേന്ദ്ര ആനുകൂല്യവും</u>**

**2953 ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മതവിഭാഗങ്ങളെയാണ് മതന്യൂനപക്ഷ വിഭാഗത്തിലുൾപ്പെടുത്തിയിരിക്കുന്നത് ;

(ബി) ഭാഷാന്യൂനപക്ഷങ്ങളെയും ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ ;

(സി) മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുളള കേന്ദ്ര ആനുകൂല്യങ്ങൾ സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങ ൾക്കും ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവര്‍ത്തനം</u>**

**2954 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവര്‍ത്തനം പൂര്‍ണ്ണതോതില്‍ നടക്കുന്നുണ്ടോ; വകുപ്പില്‍ ആവശ്യത്തിനുള്ള ജീവനക്കാരും ആയതിന്റെ എസ്റ്റാബ്ലിഷ്മെന്റും ആയിട്ടുണ്ടോ; ഇപ്പോള്‍ ഇതിന്റെ ആസ്ഥാനം എവിടെയാണ്; എല്ലാ ജില്ലകളിലും ജില്ലാ ആഫീസുകള്‍ പ്രവര്‍ത്തനം തുടങ്ങിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) ഈ വര്‍ഷം എത്ര തുക ഈ വകുപ്പിന്റെ പ്രവര്‍ത്തനത്തിനായി നീക്കിവച്ചിട്ടുണ്ടെന്നുള്ള വിവരം നല്‍കുമോ;

(സി) അപേക്ഷകര്‍ എവിടെയാണ് അപേക്ഷകള്‍ നല്‍കേണ്ടത്;

(ഡി) പ്രസ്തുത വകുപ്പിന്റെ പ്രവര്‍ത്തനങ്ങളെ സംബന്ധിച്ച വിവരങ്ങള്‍ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്രവിഹിതം</u>

**2955 ശ്രീ. പി കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിൽ നിന്നും 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മൊത്തം എത്ര രൂപയാണ് അനുവദിച്ചത് . പ്രസ്തുത തുക ഏതെല്ലാം സ്ഥാപനങ്ങൾക്കായാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത തുക ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>മദ്രസ്സാ അദ്ധ്യാപകരുടെ ക്ഷേമനിധി</u>**

**2956 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിയുടെ ആനുകൂല്യം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) 2011 മാർച്ച് വരെയുളള കാലയളവിൽ പ്രസ്തുത ക്ഷേമനിധിയിൽ എത്രപേർ അംഗങ്ങളായിരുന്നു ;

(സി) ക്ഷേമനിധിയിൽ അംഗമാകുന്നതിൽ നിന്നും മദ്രസ്സാ അദ്ധ്യാപകർ വിട്ടുനിന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച ചേർന്ന മുസ്ലീം സംഘടനാ പ്രതിനിധികളുടെ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

## പൊന്നാനിയിലെ മൈനോറിറ്റി കോച്ചിംഗ് സെന്റർ

2957 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പൊന്നാനി മണ്ഡലത്തില്‍ ന്യൂന പക്ഷക്ഷേമ വകുപ്പിന് കീഴില്‍ പ്രവര്‍ത്തിച്ചുവരുന്ന മൈനോറിറ്റി കോച്ചിംഗ് സെന്ററിന്റെ തലവനെ രാഷ്ട്രീയ പ്രേരിതമായി മാറ്റിയതും, നിലവില്‍ സെന്റര്‍ അക്കാദമിക നിലവാരമില്ലാതെ പ്രവര്‍ത്തിക്കുന്നതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടികള്‍ക്ക് വേണ്ടത്ര കോച്ചിംഗ് സംവിധാനവും, മതിയായ അദ്ധ്യാപകരും ഇല്ലാത്തത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ;

(സി) നിലവിലുളള ജീവനക്കാരെ കൂടി മാറ്റാനുളള നീക്കം നടക്കുന്നത് ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ ;

(ഡി) നല്ല നിലവാരത്തില്‍ പ്രവര്‍ത്തിച്ചിരുന്ന ഈ സെന്റര്‍ കൂടുതല്‍ കാര്യപ്രാപ്തിയോടെ നടത്തുന്നതിന് നിലവിലുളള ജീവനക്കാരെ നിലനിര്‍ത്താന്‍ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തില്‍ കൂടുതല്‍ പരിശീലന പരിപാടികള്‍ തുടങ്ങുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ റീജിയണൽ ഓഫീസ്</u>**

**2958 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും
ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ റീജിയണൽ ഓഫീസ് മലപ്പുറത്ത് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് മണ്ഡലത്തിലാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സൗജന്യമായി കെട്ടിടം നൽകുകയാണെങ്കിൽ മങ്കട മണ്ഡലത്തിൽ പ്രസ്തുത ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?